# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4478

17-12-2014 ൽ
മറുപടിയ്ക്ക്.

## ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.എ.ബേബി | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ജലവിഭവ വകുപ്പിൽ ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ പൂർത്തിയാക്കാനുണ്ട്; | (എ) | ജലവിഭവ വകുപ്പിൽ ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പദ്ധതികളിൽ, ജലസേചന വകുപ്പിൽ 17 പദ്ധതികളും, കേരള വാട്ടർ അതോറിറ്റിയിൽ വിവിധ ഇനങ്ങളിലായി 267 പദ്ധതികളും, പ്രോജക്ട്-I ന് കീഴിൽ 3 പദ്ധതികളും പ്രോജക്ട് II-ന് കീഴിൽ 5 പദ്ധതികളും കുട്ടനാട് പാക്കേജിലെ 7 പദ്ധതികളും ഭൂജല വകുപ്പിന്റെ കീഴിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയും ലോകബാങ്ക് സഹായത്തോടെ അഞ്ചു വർഷം കൊണ്ട് (2012-17) 1022 കോടി രൂപ അടങ്കലിൽ നടക്കുന്ന 'ജലനിധി' പദ്ധതിയും പൂർത്തീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആയതു നിർവ്വഹിക്കുന്നുണ്ടോ എന്ന് നാളിതുവരെ ഏതെങ്കിലും അന്വേഷണമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; | (ബി) | പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ പദ്ധതികളുടെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യാറുണ്ട്. അവയുടെ റിപ്പോർട്ട് മോണിറ്ററിംഗ് വിഭാഗം ക്രോഡീകരിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ (സി.പി.എം.യു.) വെബ്സൈറ്റിലും, പ്ലാൻ സ്പേസ് എന്ന വെബ്സൈറ്റിലും |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്താറുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ സർക്കിൾ ഡിവിഷൻ ഓഫീസുകളെ ഏകോപിപ്പിച്ചു കൊണ്ട് മാസംതോറും വീഡിയോ കോൺഫറൻസ് നടത്തി പുരോഗതികൾ വിലയിരുത്തുകയും ചെയ്യുന്നു.<br>ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതികൾ 6 മാസം കൂടുമ്പോൾ ലോകബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും യോഗങ്ങൾ വിളിച്ചുചേർത്ത് അവലോകനം ചെയ്യുകയും ചെയ്യാറുണ്ട്. സർക്കാർ തലത്തിലും പദ്ധതി അവലോകനയോഗങ്ങൾ ചേരാറുണ്ട്. |
| (സി) | ഓരോ പദ്ധതിയും ആരംഭിക്കുമ്പോൾ തന്നെ അവ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് കണക്കാക്കി ഒരു കൗണ്ട് ഡൌൺ സമ്പ്രദായം നടപ്പിലാക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ? | (സി) | പദ്ധതികളുടെ എഗ്രിമെന്റിൽ അത് പൂർത്തിയാക്കേണ്ട കാലാവധി രേഖപ്പെടുത്താറുണ്ട്. കൂടാതെ ഓരോ കാലയളവിലും കൈവരിക്കേണ്ട പുരോഗതി രേഖപ്പെടു ത്തുകയും കൈവരിച്ച പുരോഗതി പ്രതിമാസം അവലോകനം ചെയ്യുകയും ചെയ്യാറുണ്ട്.<br>എഗ്രിമെന്റിന്റെ ഭാഗമായി കരാറുകാർ നിന്ന് സമയക്രമം പാലിച്ചുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്ക ന്നുണ്ടോ എന്നുള്ളത് നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ